ഭരണഭാഷ – മാതൃഭാഷ

അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം–33
✆ 0471–2322136, ✉ addlecenfo.exc@kerala.gov.in,
✉ exenforcement@gmail.com

EXCENF/598/19-/XJ6 തീയതി : 04.12.2019

## ഓഫീസ് മെമ്മോറാണ്ടം

വിഷയം : എക്സൈസ് എൻഫോഴ്സ്മെന്റ് – മെക്കാനിക്കൽ എഞ്ചിനീയറുടെ അഭാവത്തിൽ വകുപ്പുതല വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം – സംബന്ധിച്ച്.

എക്സൈസ് വകുപ്പിൽ അന്യത്ര സേവനം അനുഷ്ഠിച്ചിരുന്ന PWD മെക്കാനിക്കൽ എഞ്ചിനീയറുടെ അന്യത്ര സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ടിയാന്റെ ലാവണത്തിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാലും തൽസ്ഥാനത്ത് പുതിയ ആളെ പകരം നിയമിച്ചിട്ടില്ലാത്തതിനാലും നിലവിൽ ഡിപ്പാർട്ട്മെന്റ് വക വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും ടയർ, ബാറ്ററി എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും മറ്റും സമർപ്പിയ്ക്കപ്പെടുന്ന അപേക്ഷകളിന്മേൽ PWD മെക്കാനിക്കൽ എഞ്ചിനീയറുടെ 'സാങ്കേതിക ഉപദേശം' അടങ്ങുന്ന ആവശ്യകതാ സർട്ടിഫിക്കറ്റ് (Essentiality Certificate) ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. തന്മൂലം അനുമതി ഉത്തരവുകൾക്ക് ശുപാർശ സമർപ്പിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. പ്രസ്തുത സാഹചര്യത്തിൽ ടി ഒഴിവിലേയ്ക്ക് പകരം മെക്കാനിക്കൽ എഞ്ചിനീയറെ നിയമിക്കുന്നതുവരെയുള്ള കാലയളവിൽ സർക്കാർ വാഹനം അറ്റകുറ്റപണികൾ ചെയ്യുന്നതിനും മറ്റുമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് മുന്നോടിയായി ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റിൻ പ്രകാരം PWD സബ് ഡിവിഷനുകളിലേയ്ക്ക് ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ നിന്നുള്ള അപേക്ഷകൾ സമർപ്പിച്ച് നിശ്ചിത competent authority യുടെ Essentiality Certificate ലഭ്യമാക്കി ആയത് സഹിതം ടി അപേക്ഷകൾ ഉചിത മാർഗ്ഗേണ അനുമതി ഉത്തരവിനായി സമർപ്പിയ്ക്കുവാൻ നിർദ്ദേശിക്കുന്നു.

| | | |
|---|---|---|
| 1 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം എക്സൈസ് ഡിവിഷനുകൾക്കു വേണ്ടി |
| 2 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, മാവേലിക്കര | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എക്സൈസ് ഡിവിഷനുകൾക്കു വേണ്ടി |

| | | |
|---|---|---|
| 3 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, ചാലക്കുടി | എറണാകുളം, തൃശ്ശൂർ, ഇടുക്കി എക്സൈസ് ഡിവിഷനുകൾക്കു വേണ്ടി |
| 4 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കോഴിക്കോട് | പാലക്കാട്, മലപ്പുറം, കോഴിക്കോട് എക്സൈസ് ഡിവിഷനുകൾക്കു വേണ്ടി |
| 5 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ | വയനാട്, കണ്ണൂർ, കാസർഗോഡ് എക്സൈസ് ഡിവിഷനുകൾക്കു വേണ്ടി |

ഒപ്പ്/-
സാം ക്രിസ്റ്റി ഡാനിയേൽ ഐ.പി.എസ്.
അഡീഷണൽ എക്സൈസ് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)

വിജിലൻസ് ഓഫീസർ (എക്സൈസ്)

പ്രിൻസിപ്പാൾ, SEARC തൃശ്ശൂർ

എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും *(എല്ലാ സബ് ഓഫീസുകളിലും ടി ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പുകൾ ലഭ്യമാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്)*

എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

പകർപ്പ്

എക്സൈസ് കമ്മീഷണർ, കേരളം, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

കരുതൽ ഫയൽ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Sh 4 12 19